പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2388 — 19.03.2015-ൽ മറുപടിക്ക്

## അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻസെന്റ് :<br>,, ബെന്നി ബെഹനാൻ :<br>,, ജോസഫ് വാഴയ്ക്കൻ :<br>,, വി. ഡി. സതീശൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 'അമൃതം ആരോഗ്യം പദ്ധതി' എന്ന് മുതൽ ആരംഭിച്ചു ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) അമൃതം ആരോഗ്യം പദ്ധതി 2011 -ൽ ആരംഭിച്ചുവെങ്കിലും പൂർണ്ണ തോതിൽ പ്രവർത്തനമാരംഭിച്ചത് 2012 -ലാണ്.<br>സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി, എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) വർദ്ധിച്ചു വരുന്ന ജീവിതശൈലി രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിനായി പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) ജീവിത ശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന് സംസ്ഥാനത്തെ 232 സി.എച്ച്.സി. കൾ, 835 പി.എച്ച്.സി. കൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും, ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു. ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമിക ആരോഗ്യ തലം വരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, |

(.....2)

പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോ ടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം, ഓഫീസുകൾ, തൊഴിൽ ശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപന ങ്ങളിൽ ജീവിതശൈലീ രോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും, യോഗാ പരിശീലനവും നടത്തി വരുന്നു. ആരോഗ്യ വകുപ്പിലെ എല്ലാ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ജീവിതശൈലി രോഗ നിയന്ത്രണത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയെപ്പറ്റി അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ? | (സി) അവലോകനം നടത്തിയിട്ടുണ്ട്. എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ അമൃതം ആരോഗ്യം പദ്ധതി അവലോകനം ചെയ്യാറുണ്ട്. ആരോഗ്യ വകുപ്പ് മന്ത്രി, ആരോഗ്യവകുപ്പ് സെക്രട്ടറി. മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ സന്നിഹിതരായിട്ടുള്ള ഈ കോൺഫറൻസിൽ ഓരോ ജില്ലയിൽ നിന്നുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും, പുരോഗതി വിലയിരുത്തുകയും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സമാനമായ അവലോകനം എല്ലാ മാസവും ജില്ലകളിലും, ബ്ലോക്ക് തലത്തിലും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ